DESPATCHED On...20/2/2020
09/01/2020

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.2831(4)/2014/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.17223/SIC-Gen 2/2014**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എ. ഫസിലുദ്ദീൻ,
ബിലാൽ നഗർ,
ടി.സി – 20/1163, കരമന പി.ഒ.,
തിരുവനന്തപുരം.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
ബീച്ച്, ചാക്ക, പേട്ട പി.ഒ.,
തിരുവനന്തപുരം – 695 024.

2. അപ്പീൽ അധികാരി &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസർ,
കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
ബീച്ച്, ചാക്ക, പേട്ട പി.ഒ.,
തിരുവനന്തപുരം – 695 024.
} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 18.08.2014ൽ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ ടിയാന്റെ T.C 32/751 നമ്പർ കെട്ടിടത്തിൽ വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനു വേണ്ടി തിരുവനന്തപുരം നഗരസഭയിൽ നിന്നു ലഭിച്ച ഉടസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പാണു ചോദിച്ചിരുന്നത്. ഇതു ലഭിച്ചില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷൻ 08.12.14ൽ എതിർകക്ഷികളോട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് 24.12.14ൽ ഒന്നാം എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചു.

3. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖ തന്റെ കൈവശമില്ലാതിരുന്നതിനാൽ ഇതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ സഹായം തേടിയെന്നും, ഇത് കണ്ടെത്തുന്നതിനായി തീവ്രമായ ശ്രമങ്ങൾ പല ദിവസങ്ങളിൽ നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ലെന്നും ഒന്നാം എതിർകക്ഷി റിപ്പോർട്ടിൽ പറഞ്ഞു.

4. ഇതിനുശേഷം കമ്മീഷൻ 09.01.2020ൽ കമ്മീഷൻ ആസ്ഥാനത്ത് ഹിയറിങ് നടത്തി. അപ്പീൽ ഹർജിക്കാരനും, ഒന്നാം എതിർകക്ഷിയും ഹിയറിങ്ങിൽ പങ്കെടുത്തു.

5. കൊച്ചുവേളി വ്യവസായ പാർക്കിൽ തനിക്ക് അനുവദിച്ചു കിട്ടിയ സ്ഥലത്തെ കെട്ടിടത്തിന് ഷറഫുദ്ദീൻ എന്ന പേരിൽ ഒരാൾ തിരുവനന്തപുരം നഗര സഭയിൽ നിന്ന് കെട്ടിട നമ്പർ തരപ്പെടുത്തി KSEBയിൽ നിന്ന് സുജാത എന്ന വ്യക്തി വൈദ്യുത കണക്ഷൻ വാങ്ങിയെന്നും, യഥാർത്ഥത്തിൽ കെട്ടിടത്തിന്റെ ഉടമ താനാണെന്നും, അതു തെളിയിക്കുന്നതിനും, തന്റെ പേരിൽ തന്നെ വൈദ്യുത കണക്ഷൻ എടുക്കുന്നതിനും വേണ്ടിയാണ് താൻ സമർപ്പിച്ചിരുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ആവശ്യപ്പെട്ടതെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു.

6. എന്നാൽ ഇത് വളരെ പഴക്കമുള്ള രേഖയായതുകൊണ്ട് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നായിരുന്നു ഒന്നാം എതിർകക്ഷിയുടെ മൊഴി.

7. ഇരു കക്ഷികളുടെയും മൊഴികളും, അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. അതിൽ നിന്ന് കമ്മീഷൻ താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു.

8. അപ്പീൽ ഹർജിക്കാരന്റെ ആവശ്യം ന്യായയുക്തമാണ്. എന്നാൽ രണ്ടു പതിറ്റാണ്ടിലേറെ പഴക്കമുള്ള രേഖയായതുകൊണ്ട്, അതും കണ്ടെത്താൻ കഴിഞ്ഞില്ല എന്ന ഒന്നാം എതിർകക്ഷിയുടെ മൊഴിയും സംശയിക്കേണ്ടതില്ല.

9. ഇതിന്റെ അടിസ്ഥാനത്തിൽ, ടി രേഖ കണ്ടെത്താൻ ഒന്നാം എതിർകക്ഷി ഒരിക്കൽ കൂടി കാര്യമായ ശ്രമം നടത്തണമെന്നും, അതു സംബന്ധിച്ച വിവരം ഒരു മാസത്തിനുള്ളിൽ കമ്മീഷനെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു. ഇതോടൊപ്പം അപ്പീൽ ഹർജിക്കാരന് ഒരിക്കൽക്കൂടി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാൻ തിരുവനന്തപുരം കോർപ്പറേഷൻ അധികൃതരെ സമീപിക്കാവുന്നതാണെന്നും നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ജനുവരി മാസം 9–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**
gk.

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM